ജനയുഗം
JANAYUGOM

**24-01-2018**

# പോഷകാഹാരക്കുറവ് ഇന്ത്യയിൽ ഇന്നും ഗുരുതരപ്രശ്നം: ഡോ. മഞ്ജു ശർമ്മ

കൊച്ചി: ഇന്ത്യയിൽ പോഷകാഹാരക്കുറവ് ഇന്നും ഒരു ഗുരുതര പ്രശ്നമായിതുടരുകയാണെന്ന് കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറിയും പത്മഭൂഷൺ ജേതാവുമായ ഡോ. മഞ്ജു ശർമ്മ. പറഞ്ഞു. ഗ്രാമപ്രദേശങ്ങളിൽ കുട്ടികളനുഭവിക്കുന്ന പോഷകാഹാരക്കുറവ് പരിഹരിക്കാൻ കൂട്ടായ ശ്രമം വേണം. 21 ലക്ഷം കുട്ടികൾ ഇന്ത്യയിൽ പോഷകാഹാരക്കുറവ് മൂലം മരണമടയുന്നുവെന്നത് ഗൗരവമായികാണണമെന്നും അവർ പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന വിന്റർസ്കൂൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഡോ. മഞ്ജു ശർമ്മ.

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് രാജ്യാന്തര സഹകരണത്തോടെയും സാമൂഹിക ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തിയും ഗവേഷണ-വികസന പദ്ധതികൾ ആവിഷ്ക്കരിക്കണം. ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളെക്കൂടി പങ്കെടുപ്പിച്ച് പരിശീലനങ്ങളും ബോധവൽക്കരണവും വേണം. കർഷകർക്ക് ഗുണകരമാകുന്ന രീതിയിലുള്ള ജനകേന്ദ്രീകൃത വികസന പദ്ധതികളാണ് രാജ്യത്തിന് വേണ്ടത്.

കാർഷിക മേഖലയിൽ സ്ത്രീ സാന്നിധ്യം ഉറപ്പ് വരുത്തിയാൽ മാത്രമേ ഗ്രാമീണ തലങ്ങളിൽ പുരോഗതിയുണ്ടാകൂ. സ്വകാര്യ വ്യാവസായിക സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമീണ തലങ്ങളിൽ സംയുക്ത വികസന പദ്ധതികൾ നടപ്പിലാക്കണമെന്നും അവർ പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മറൈൻ ബയോടെക്നോളജി വിഭാഗം മേധാവി ഡോ. പി വിജയഗോപാൽ, സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി എന്നിവർ സംസാരിച്ചു.




സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന വിന്റർ സ്കൂളിന്റെ ഉദ്ഘാടനം കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറിയും പത്മഭൂഷൺ ജേതാവുമായ ഡോ മഞ്ജു ശർമ്മ നിർവഹിക്കുന്നു.